പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6800 — 13.07.2012-ൽ മറുപടിക്ക്

## പാവപ്പെട്ട രോഗികൾക്ക് വൈദ്യസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പാവപ്പെട്ട രോഗികൾക്ക് വൈദ്യസഹായം ലഭ്യമാക്കുന്നതിന് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സൊസൈറ്റിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന 18.05.2011 മുതൽ 06.07.2012 വരെയുള്ള കാലയളവിൽ 2,65,92,550/- രൂപ (രണ്ടു കോടി അറുപത്തിയഞ്ചു ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി അഞ്ഞൂറ്റിഅൻപത് രൂപാ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| ബി) ഇനി എത്ര അപേക്ഷകൾക്ക് സഹായം അനുവദിക്കാൻ ബാക്കിയുണ്ട്; വ്യക്തമാക്കാമോ ; | ബി) 4500 അപേക്ഷകർക്ക് ധനസഹായം അനുവദിക്കാനുണ്ട്. |
| സി) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഏതെല്ലാം ആശുപത്രികളിലെ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയ്ക്കാണ് പ്രസ്തുത ചികിത്സാ സഹായം അനുവദിക്കുന്നതെന്ന് അറിയിക്കാമോ ; | സി) സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് സാധാരണനിലയിൽ ധനസഹായം നൽകുന്നില്ല. എന്നാൽ, കാസർഗോഡ് ജില്ലയിൽ സ്പെഷ്യാലിറ്റി ആശുപത്രികൾ ഇല്ലാത്തതിനാൽ പ്രസ്തുത ജില്ലയിലെ രോഗികൾക്ക് താലൂക്ക്/ ജില്ലാതല ആശുപത്രികളിലെ ഡോക്ടറുടെ ശുപാർശ സഹിതം കർണ്ണാടക സംസ്ഥാനത്തിലെ ആശുപത്രിയിൽ ചികിത്സ തേടിയാൽ ധനസഹായം അനുവദിക്കാൻ വ്യവസ്ഥയുണ്ട്. |

ചികിത്സാ ധനസഹായം ലഭിക്കുന്ന രോഗങ്ങൾ താഴെ പറയുന്നവയാണ്.

1. മസ്തിഷ്ക ശസ്ത്രക്രിയ
2. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ
3. വൃക്ക മാറ്റിവയ്ക്കൽ
4. കരൾ മാറ്റിവയ്ക്കൽ
5. പേസ് മേക്കർ സ്ഥാപിക്കൽ
6. ആൻജിയോപ്ലാസ്റ്റി
7. ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ)
8. ഡയാലിസിസ്
9. ട്യൂമർ
10. അസ്ഥി സംബന്ധമായ ശസ്ത്രക്രിയകൾ: റിസക്ഷനും പ്രോസ്തസിസും, ലംബാർ തൊറാസിക് വെർട്ടിബ്രൽ ഗ്രന്ഥികളിലെ ട്യൂമർ, കാൽമുട്ട് മാറ്റിവയ്ക്കൽ.

........2

താഴെപ്പറയുന്ന ആശുപത്രികളിലെ ചികിത്സയ്ക്കാണ് ധനസഹായം ലഭിക്കുന്നത്.

1. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം.
2. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
3. തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾ.
4. സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി, കൊച്ചി
5. ഇ.എം.എസ് മെമ്മോറിയൽ സഹകരണാശുപത്രി, പാണമ്പി, പെരുന്തൽമണ്ണ, മലപ്പുറം
6. സഹകരണ ഹൃദയാലയ മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ
7. ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം.
8. മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ
9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്
10. ജനറൽ ആശുപത്രി, എറണാകുളം
11. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം

| | |
|---|---|
| ഡി) അപേക്ഷകരുടെ വരുമാനപരിധി എത്ര; | ഡി) അപേക്ഷകരുടെ വരുമാന പരിധി പ്രതിവർഷം മൂന്ന് ലക്ഷം രൂപ. |
| ഇ) നിലവിലുള്ള സഹായം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഇ) നിലവിലുള്ള സഹായം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടത് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ ഗവേണിംഗ് ബോഡി യോഗമാണ്. വിഷയം അടുത്ത യോഗത്തിൽ പരിഗണനയ്ക്ക് വിധേയമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ